**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 818** **14-10-2026-ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ മൊത്തം വനങ്ങളെ സംബന്ധിച്ച വിവരങ്ങൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ ആകെ വനവിസ്തൃതി എത്രയാണ്; ഇതുസംബന്ധിച്ച കണക്ക് ലഭ്യമാക്കാമോ;

**മറുപടി:** 2023-24 വർഷത്തെ ഭരണറിപ്പോർട്ട് പ്രകാരം സംസ്ഥാനത്തിന്റെ നിലവിലെ വനവിസ്തൃതി 1153625.1 ഹെക്ടർ ആണ്.

**(ബി)** സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് മാസത്തിനിടെ വന്യമൃഗങ്ങളുടെ ആക്രമണം മൂലം എത്ര പേർക്ക് ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട്; ഇതുസംബന്ധിച്ച കണക്കുകൾ ലഭ്യമാക്കാമോ; വന്യമൃഗശല്യം തടയുന്നതിനായി എന്തെല്ലാം മുൻകരുതലുകളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ;

**മറുപടി:** ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 18/05/2026 മുതൽ 06/10/2026 വരെ മനുഷ്യ വന്യജീവി സംഘർഷത്തിൽ സംസ്ഥാനത്ത് 15 പേർക്ക് ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം | മരണത്തിന് കാരണമായ മൃഗം | ജീവൻ നഷ്ടപ്പെട്ടവരുടെ എണ്ണം |
|---|---|---|
| 1 | ആന | 11 |
| 2 | കാട്ടുപന്നി | 2 |
| 3 | കാട്ടുപോത്ത് | 2 |
| | ആകെ | 15 |

മേൽപ്പറഞ്ഞത് കൂടാതെ വനത്തിന് പുറത്ത് ജനവാസമേഖലയിൽ പാമ്പുകടിയേറ്റ് 11 പേരും മരണപ്പെട്ടിട്ടുണ്ട്.

വന്യമൃഗശല്യം തടയുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്.

- സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമാക്കുന്നതിന് കാസർഗോഡ്, കണ്ണൂർ-ആറളം, വയനാട്, കോഴിക്കോട്, നിലമ്പൂർ, മണ്ണാർക്കാട്, പാലക്കാട് തൃശ്ശൂർ-പീച്ചി, വാഴച്ചാൽ- ചാലക്കുടി, മലയാറ്റൂർ, മൂന്നാർ-മാങ്കുളം, പെരിയാർ-റാന്നി, കോന്നി-തെന്മല, അഗസ്ത്യമല- തിരുവനന്തപുരം എന്നിങ്ങനെ പതിനാല്

ലാൻഡ്സ്കേപ്പുകളായി തിരിച്ച് ഓരോ ലാൻഡ്സ്കേപ്പിനും അനുയോജ്യമായി കണ്ടൈൻമെന്റ്, മിറ്റിഗേഷൻ, കോമ്പൻസേഷൻ ഫ്രെയിം വർക്കിൽ (Containment, Mitigation, Compensation CMC Framework) ഊന്നിയുള്ള ത്രിതല പ്രവർത്തനങ്ങൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

സർക്കാരിന്റെ 100 ദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- അതിരൂക്ഷ മനുഷ്യ-വന്യജീവി സംഘർഷ മേഖലകളിൽ 250 കി.മീ പുതിയ സൗരോർജ്ജ വേലിയുടെ നിർമ്മാണം, നിലവിലുള്ള 2000 കി.മീ സൗരോർജ്ജ വേലികളുടെ അറ്റകുറ്റപണികൾ എന്നിവ നടത്തിയിട്ടുണ്ട്.
- അതിരൂക്ഷ സംഘർഷ മേഖലകളിൽ നിർമ്മിതബുദ്ധി ഉപയോഗിച്ച് കൊണ്ടുള്ള ത്രിതല സ്മാർട്ട് ഫെൻസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.
- കാട്ടാനകളുടെ സാന്നിദ്ധ്യം പതിവായി അനുഭവപ്പെടുന്ന ഹോട്ട്സ്പോട്ടുകളിൽ അഞ്ചുപേർ വീതമുള്ള 100 ബാച്ചുകളായി സ്പെഷ്യൽ റിസർവ് ഫോഴ്സ് യൂണിറ്റുകൾ രൂപീകരിച്ചിട്ടുണ്ട്.
- വന്യമൃഗസംഘർഷ സാധ്യത കൂടുതലുള്ള നിയോജക മണ്ഡലങ്ങളിൽ 25 പുതിയ RRT- കൾ രൂപീകരിച്ചിട്ടുണ്ട്.
- നഗര പ്രദേശങ്ങളിൽ മനുഷ്യ വന്യജീവി സംഘർഷ സാഹചര്യങ്ങളിൽ ത്വരിത നിവാരണത്തിനായി മെട്രോ റെസ്പോൺസ് ടീമുകൾ (MRT) രൂപീകരിച്ചിട്ടുണ്ട് (തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ).
- വന്യജീവി മുന്നറിയിപ്പ് സംവിധാനം ശക്തിപ്പെടുത്തുന്നതിന് 14 ലാൻഡ്സ്കേപ്പുകളിലും ഡ്രോൺ സ്ക്വാഡുകൾ, AI അടിസ്ഥാനമാക്കിയ റിയൽ ടൈം മുന്നറിയിപ്പ് സംവിധാനത്തിന്റെ ആദ്യഘട്ടം, വന്യജീവി ശല്യം രൂക്ഷമായ പ്രദേശങ്ങളിൽ ക്യാമറ ട്രാപ്പുകൾ സ്ഥാപിച്ചുള്ള നിരീക്ഷണ സംവിധാനം എന്നിവയും സാധ്യമാക്കിയിട്ടുണ്ട്.
- മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുവാൻ 26/09/2026-ലെ സ.ഉ.(സാധാ) നം.401/2026/F&WLD പ്രകാരം സംസ്ഥാന തല ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്.
- മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ 21/09/2026-ലെ സ.ഉ.(സാധാ) നം.394/2026/F&WLD പ്രകാരം നിയമസഭാ മണ്ഡലതല സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

**(സി)** വനം വകുപ്പിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് വന്യജീവി ആക്രമണം നേരിടാൻ പ്രത്യേകം സുരക്ഷാ സംവിധാനങ്ങളും പരിശീലനവും ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** വന പാലകരുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള സംവിധാനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെപ്പറയുന്നു.

- വന സംരക്ഷണ പ്രവർത്തനങ്ങക്ക് M-STRIPES എന്ന സാങ്കേതിക വിദ്യ ഉപയോഗിച്ചു വരുന്നു.
- കൂടാതെ വയർലെസ്, വയർലെസ് ഘടിപ്പിച്ച വാഹനങ്ങൾ, ആയുധങ്ങൾ എന്നിവ നൽകി വരുന്നുണ്ട്.
- വാളയാർ, അരിപ്പ സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് കീഴിൽ വിവിധ ഘട്ടങ്ങളിലായി മനുഷ്യ വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ജീവനക്കാർക്ക് പരിശീലന പരിപാടികൾ നടത്തിയിട്ടുണ്ട്.

- ജീവനക്കാർക്ക് വന്യജീവി ആക്രമണം തടയുന്നതിനായി Pump Action Gun ഉപയോഗിക്കുന്നുണ്ട്.
- ജീവനക്കാർക്ക് താമസിക്കുന്നതിലേക്കായി ആന്റി പോച്ചിംഗ് ക്യാമ്പ് ഷെഡുകൾ നിലവിലുണ്ട്. അവരുടെ വാസസ്ഥലങ്ങൾക്ക് ചുറ്റും കിടങ്ങുകൾ നിർമ്മിച്ചിട്ടുണ്ട്.
- ആർ.ആർ.ടി.കളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ജീവനക്കാർക്കായി റിഫ്ലക്റ്റിംഗ് ജാക്കറ്റ്, ജേഴ്സി, ബോഡി പ്രൊട്ടക്റ്റർ തുടങ്ങിയവയും വന്യമൃഗങ്ങളെ തുരത്തുന്നതിനും പിടികൂടുന്നതിനുമായി Net with lock, Tiger cage, Rails, Monkey catcher, Animal Rescue Cages, Pump action gun, Camera trap, Snake catching kit, Elephant repellent, Body protection shield, Honey bee protection shield തുടങ്ങിയ ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

**(ഡി)** ഷൊർണ്ണൂർ അസംബ്ലി മണ്ഡലത്തിൽ ആകെ എത്ര വിസ്തൃതിയിൽ വനഭൂമിയുണ്ടെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** പാലക്കാട് ഡിവിഷനു കീഴിൽ വരുന്ന ഷോർണ്ണൂർ അസംബ്ലി മണ്ഡലത്തിൽ 9 നിക്ഷിപ്ത മലവാരങ്ങളിലായി ആകെ 615.5 ഹെക്ടർ വനഭൂമിയുണ്ട്.

**സെക്ഷൻ ഓഫീസർ**